# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.5)1135/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/11/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.5)1135/2025 തീയ്യതി: 14/11/2025

## എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 03-10-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 03-10-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ
2.ശ്രീമതി.ഷൈനി പി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ.അനീഷ് ടി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.ആതിര ആർ., ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനി രതീഷ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ഷാജിമോൻ കാവു | സെക്രട്ടറി | 01-04-2024 | 22-08-2024 |
| ശ്രീ.ബിജു ബേബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-08-2024 | 18-09-2024 |
| ശ്രീ.അജി ടി. | സെക്രട്ടറി | 19-09-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിജു ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-09-2024 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2024 | 25-12-2024 |
| ശ്രീമതി.ദർശിനി സി.എം. | അസിസ്റ്റന്റ് സെക്രട്ടറി | 26-12-2024 | 31-03-2025 |
| ശ്രീമതി.ജാസ്മിൻ മേരി ജയിംസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ഡോ.ഷറഫുദ്ദീൻ സി.എം. | സീനിയർ വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ലക്ഷ്മി യശോധരൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.ബിനിഷ ഇ. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി.സഫ്ന സലിം | കൃഷിഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അനു കെ.ജോസഫ് | അസി.എഞ്ചിനീയർ | 01-04-2024 | 09-09-2024 |
| ശ്രീ.അരുൺകുമാർ കെ.എസ്. | അസി.എഞ്ചിനീയർ | 10-09-2024 | 24-09-2024 |
| ശ്രീമതി.സമീറ എം.എം. | അസി.എഞ്ചിനീയർ | 25-09-2024 | 31-03-2025 |
| ശ്രീമതി.സഹീറ എം.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജാൻസി ജോസഫ് | വി.ഇ.ഒ.കാവുങ്ങപ്പറമ്പ് | 01-04-2024 | 31-03-2025 |
| ശ്രീമതി.റിൻസ ഇ.എ. | വി.ഇ.ഒ.കുമ്മനോട് | 01-04-2024 | 31-03-2025 |
| ശ്രീമതി.അശ്വതി പി.വി. | വി.ഇ.ഒ.കിഴക്കമ്പലം | 01-04-2024 | 31-03-2025 |
| ഡോ.പ്രീതി ബി. | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി.ഷൈബി ജോൺ | ഹെഡ് മിസ്ട്രസ് ജി.എൽ.പി.എസ്. | 01-04-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | റിഡംപ്ഷൻ തുക എഴുതിതള്ളൽ - അടിസ്ഥാന രേഖകൾ ലഭ്യമല്ല | 1-1-5 |
| 7 | ഹെൽത്ത് ഗ്രാന്റ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | 1-1-6 |
| 8 | വിനിയോഗസാക്ഷ്യപത്രം ഇല്ലാതെ മുൻകൂർ ക്രമീകരിച്ചു. | 1-1-7 |
| 9 | സ്ഥിരനിക്ഷേപ നീക്കിയിരുപ്പ് - നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ മൂല്യവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | തൊഴിലുറപ്പ് പദ്ധതി ചെലവ് - മുഴുവൻ തുകയും ഉൾപ്പെടുത്തിയില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | തൊഴിലുറപ്പ് പദ്ധതി ചെലവിൽ ₹1,70,57,018/- വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-6-1 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | 2024-25 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, നഷ്ടം ₹18460/- | 1-10 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1-11 |
| 22 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-12 |
| 23 | വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മേഖലാ ഇളവുകൾ നൽകിയതിൽ അപാകത | 1-13 |
| 24 | 5/112 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 25 | രജിസ്ട്രേഷൻ പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 26 | റവന്യൂ കുടിശ്ശിക – 1.19 കോടി രൂപ – പിരിച്ചെടുക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കണം. | 1-16 |
| 27 | ഓഡിറ്റ് ഇംപാക്ട് | 1-17 |
| 28 | സംയുക്ത പ്രോജക്ടിന് ലഭിച്ച തുക ₹8,54,691 നഷ്ടമായി. | 1-18 |

| | | |
|---|---|---|
| 29 | കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽകൂട്ടിയില്ല. | 1-19 |
| 30 | മുൻകൂർ നൽകിയ തുക - ₹2,09,200/- ക്രമീകരിച്ചിട്ടില്ല. | 1-20 |
| 31 | മുൻവർഷങ്ങളിൽ നിക്ഷേപിച്ച 2.04 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 32 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - 38.72 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-22 |
| 33 | നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ₹4,41,538/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 34 | സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി - നിർവ്വഹണത്തിലെ അപാകതകൾ - ₹1,23,750/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 35 | ഹോമിയോ മരുന്ന് ലഭിച്ചില്ല - ₹66,819/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 36 | ഇലക്ട്രിക് പോസ്റ്റ് മാറ്റി  സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ₹57,382 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 37 | എഫ്.എച്ച്.സി. മലയിടംതുരുത്ത്-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല ₹48,457/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 38 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-28 |
| 39 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-29 |
| 40 | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച തൈ ഉൾപ്പെടെ - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 41 | റോഡ് പ്രവൃത്തികളിൽ ക്ലോസ്സ് ഗ്രേഡ് ചിപ്പിങ്ങ് കാർപ്പെറ്റ് - സി ഇ യുടെ സർക്കുലറിലെ നിർദ്ദേശം പാലിച്ചില്ല. | 1-31 |
| 42 | മരാമത്ത് പ്രവൃത്തിക്ക് മതിയായ ഇൻഷുറൻസ് കവറേജ് ഉറപ്പാക്കിയില്ല. | 1-32 |
| 43 | ജൽജീവൻ മിഷൻ - റോഡ് പുനരുദ്ധരണതുക ലഭ്യമായില്ല | 1-33 |
| 44 | ജൽ ജീവൻ പദ്ധതി - അവലോകനം. | 1-34 |
| 45 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-35 |
| **ഭാഗം 2** | | |
| 1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം ₹18460/- | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |

| | | |
|---|---|---|
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.06.2025 ലെ 1 (1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം
തീയതി : 14.11.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹379,54,365.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹6,90,01,329.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്.

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചലവഴിച്ച ₹5,34,13,067/- ൽ ₹3,03,753/- യും, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ ആകെ ചലവഴിച്ച ₹42,07,724/- ൽ ₹8,83,201/- യും ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നതിന്റെ ആസ്തി രജിസ്റ്റർ രേഖകൾ ലഭ്യമല്ല.

### 1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

### 1-1-5 റിഡംപ്ഷൻ തുക എഴുതിതള്ളൽ - അടിസ്ഥാന രേഖകൾ ലഭ്യമല്ല

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകളിൽ റിഡംപ്ഷൻ ഇനത്തിൽ കുറവ് ചെയ്ത തുക ₹8,54,691/- Receivables Of Redemption (431500199) എന്ന ആസ്തി ഹെഡിൽ നിന്നും എഴുതി തള്ളി. എന്നാൽ ഈ എഴുതിത്തള്ളലിനാവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമല്ല.

### 1-1-6 ഹെൽത്ത് ഗ്രാന്റ് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.

പി.എച്ച്.സി., സബ് സെന്ററുകൾ എന്നിവ ഹെൽത്ത് & വെൽനെസ്സ് സെന്റർ ആയി പരിവർത്തനം നടത്തുന്നതിനായി ഗ്രാമപഞ്ചായത്തിന് തുകകളുടെ വരവ് ചെലവുകൾ ഉൾപ്പെടുത്തേണ്ടത് “320100204 I Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres” എന്ന ശീർഷകത്തിലാണ്. എന്നാൽ ഈ സ്കീമിൽ ലഭിച്ചിട്ടുള്ള തുകകളുടെ വിനിയോഗം “320100201 I Grants For Specific Purposes - Health Grant” എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-7 വിനിയോഗസാക്ഷ്യപത്രം ഇല്ലാതെ മുൻകൂർ ക്രമീകരിച്ചു.

പോസ്റ്റ് ഷിഫ്റ്റിങ്ങിനായി വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത ₹57,382/- ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ തന്നെ 460500202 എന്ന ശീർഷകത്തിൽ കുറവ് ചെയ്തു.

### 1-1-8 സ്ഥിരനിക്ഷേപ നീക്കിയിരുപ്പ് - നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ മൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ B.12 ഷെഡ്യൂൾ (കോഡ് 420800101) പ്രകാരമുള്ള സ്ഥിരനിക്ഷേപ നീക്കിയിരുപ്പ് ₹20,88,41,736/-ആണ്. എന്നാൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ മൂല്യം അനുസരിച്ച് 20,75,87,771/- മാത്രമാണ് വർഷാവസാനം നീക്കിയിരുപ്പുള്ള സ്ഥിരനിക്ഷേപത്തുക. ഇവ തമ്മിൽ ₹12,53,965/- ന്റെ വ്യത്യാസം ഉണ്ട്.

### 1-1-9 തൊഴിലുറപ്പ് പദ്ധതി ചെലവ് - മുഴുവൻ തുകയും ഉൾപ്പെടുത്തിയില്ല.

എം.ജി.എൻ.ആർ.ഇ.ജി.എ. ഫിനാൻഷ്യൽ പെർഫോർമൻസ് റിപ്പോർട്ട് പ്രകാരമുള്ള ചെലവ് തുക പൂർണ്ണമായും ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യപ്പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ യഥാർത്ഥ ഫിനാൻഷ്യൽ പൊർഫോർമൻസ് ഗ്രാമപഞ്ചായത്ത് കണക്കിൽ വെളിപ്പെടുന്നില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 02.02.2024 ലെ 1(1)-ാം നമ്പർ പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് 09.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 05.03.2025ലെ 1(1) -ാം നമ്പർ പ്രകാരം പരിഷ്കരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി 06.03.2025 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹9,26,31,832 | ₹9,26,31,832 |

| | | |
|---|---|---|
| വരവ് | ₹40,60,35,000 | ₹53,51,25,666 |
| ആകെ | ₹49,86,66,832 | ₹62,77,57,498 |
| ചെലവ് | ₹49,05,91,137 | ₹61,95,42,994 |
| നീക്കിയിരുപ്പ് | ₹80,75,695 | ₹82,14,504 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹5,44,36,852.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹13,82,20,050.00 |
| ആകെ | : | ₹19,26,56,902.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹10,02,65,685.00 |
| നീക്കിയിരുപ്പ് | : | ₹9,23,91,217.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹2,85,07,000 | ₹2,85,07,000 | ₹2,71,56,601 | - | ₹13,50,399 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹83,55,000 | ₹83,55,000 | ₹69,41,961 | - | ₹14,13,039 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | ₹1,21,000 | ₹1,21,000 | ₹1,21,000 | - | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | ₹7,21,58,775 | ₹721,58,775 | ₹5,34,13,067 | - | ₹1,87,45,708 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | ₹75,95,000 | ₹75,95,000 | ₹42,07,724 | - | ₹33,87,276 |
| സി.എഫ്.സി – ബേസിക്ക് | ₹71,90,757 | ₹51,95,529 | ₹1,23,86,286 | ₹21,97,046 | ₹1,01,89,240 | - |
| സി.എഫ്.സി –ടൈഡ് | ₹40,61,438 | ₹98,20,500 | ₹1,38,81,938 | ₹70,13,954 | ₹68,67,984 | - |
| സി.എഫ്.സി –ബേസിക് പെർഫോർമൻസ് | 0 | ₹16,34,488 | ₹16,34,488 | ₹4,95,925 | - | ₹11,38,563 |
| സി.എഫ്.സി –ടൈഡ് പെർഫോർമൻസ് | 0 | ₹43,65,034 | ₹43,65,034 | ₹36,42,524 | - | ₹7,22,510 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് 320100192 | 0 | ₹1,00,000 | ₹1,00,000 | 0 | ₹1,00,000 | - |
| ഐ.സി.ഡി.എസ്. 320100196 | ₹23,59,032 | ₹29,79,084 | ₹53,38,116 | ₹13,38,234 | ₹39,99,882 | - |
| ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ 320100198 | ₹26,36,518 | 0 | ₹26,36,518 | ₹20,00,505 | ₹6,36,013 | - |
| ഹെൽത്ത് ഗ്രാന്റ് 320100201 | ₹5,27,311 | ₹6,97,000<br>+Int. 28,919<br>₹7,25,919 | ₹12,53,230 | ₹3,77,947 | ₹8,75,283 | - |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | ₹10,04,133 | ₹4,46,000<br>+Int.<br>₹56,077<br>₹5,02,077 | ₹15,06,210 | ₹7,77,429 | ₹7,28,781 | - |

| | | | | | | |
|---|---|---|---|---|---|---|
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | ₹8,00,000 | 0 | ₹8,00,000 | 0 | ₹8,00,000 | - |
| എൽ.എ.ഡി-എം.പി. 320200306 | ₹35,454 | 0 | ₹35,454 | 0 | ₹35,454 | - |
| അദർ പർപ്പസ് ബഡ്സ് 320200399 | ₹5,77,183 | ₹6,37,900 +Int.₹12,206 ₹6,50,106 | ₹12,27,289 | ₹5,41,788 | ₹6,85,501 | - |
| ടോട്ടൽ സാനിട്ടേഷൻ 320300103 | 0 | ₹1,92,000 | ₹1,92,000 | ₹1,92,000 | 0 | - |
| അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ (ലൈഫ്) 320400199 | ₹47,50,000 | ₹7,72,824 | ₹55,22,824 | ₹17,41,000 | ₹37,81,824 | - |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് ക്യാപിറ്റൽ 320700104 | ₹2,80,000 | 0 | ₹2,80,000 | ₹2,80,000 | 0 | - |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് റവന്യൂ 320700204 | ₹26,42,960 | 0 | ₹26,42,960 | ₹4,42,199 | ₹22,00,761 | - |
| ജോയിന്റ് വെഞ്ചർ ജില്ലാ പഞ്ചായത്ത് റവന്യൂ 320700205 | ₹1,32,492 | 0 | ₹1,32,492 | ₹1,32,492 | 0 | - |
| സ്പെഷ്യൽ പർപ്പസ് ക്യാപിറ്റൽ 320800199 | ₹1,00,000 | 0 | ₹1,00,000 | 0 | ₹1,00,000 | - |

*കുറിപ്പ്:*

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹33,67,780/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് ജനറൽ ചെലവ്, ₹2,55,20,492/- റവന്യൂ ചെലവും ₹16,36,109/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹1,64,248/- ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് ടി.എസ്.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹4,784/- ഉൾപ്പെടുന്നുണ്ട്.
- സംരക്ഷണ ഗ്രാന്റ് റോഡ് ചെലവ്, ₹5,31,09,314/- റവന്യൂ ചെലവും ₹3,03,753/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.
- സംരക്ഷണ ഗ്രാന്റ് റോഡിതരം ചെലവ്, ₹33,24,523/- റവന്യൂ ചെലവും ₹8,83,201/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.
- സി.എഫ്.സി.ടൈഡ് ഗ്രാന്റ് ചെലവ് , ₹8,48,614/- റവന്യൂ ചെലവും ₹61,65,340/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.
- ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ ( 320100198) ചെലവ്, ₹6,00,000/- റവന്യൂ ചെലവും ₹14,00,505/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.
- അദർ പർപ്പസ്- ബഡ്സ് (320200399) ചെലവിൽ ₹88/- ബാങ്ക് ചാർജ്ജസ് ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ. | പൂർത്തീകരിച്ച പ്രോജ |
|---|---|---|---|---|---|---|

| | | | | | (എണ്ണം) | കുകളുടെ % |
|---|---|---|---|---|---|---|
| 293 | ₹44,05,80,888 | ₹15,67,49,529 | 139 | 107 | 47 | 47.44 |

* ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹35,36,812/- അടങ്കലിൽ ഉൾപ്പെടുന്നുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹11,285 | ₹15,41,981 | ₹15,53,266 | ₹15,53,266** | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | ₹2,29,83,716 | ₹2,29,83,716 | ₹2,29,83,716 | 0 |
| ആകെ | ₹11,285 | ₹2,45,25,697 | ₹2,45,36,982 | ₹2,45,36,982 | 0 |

** ഈ തുക തൻവർഷത്തെ യഥാർത്ഥ ഭരണചെലവല്ല. തനത് ഫണ്ടിൽ നിന്നും ഭരണ ചെലവുകൾക്കായി മുൻകൂർ ചെലവഴിച്ചതിൽ റീക്കുപ്പ് ചെയ്ത തുകയാണിത്. ഓഡിറ്റ് വർഷത്തെ അഡ്മിൻ ചെലവ് ₹16,56,527/- ആണ് (ലെഡ്ജർ 460500801).

### 1-6-1 തൊഴിലുറപ്പ് പദ്ധതി ചെലവിൽ ₹1,70,57,018/- വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

എം.ജി.എൻ.ആർ.ഇ.ജി.എ. ഫിനാൻഷ്യൽ പെർഫോർമൻസ് റിപ്പോർട്ട് പ്രകാരമുള്ള ചെലവ് തുക പൂർണ്ണമായും ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ യഥാർത്ഥ ഫിനാൻഷ്യൽ പെർഫോർമൻസ് ഗ്രാമപഞ്ചായത്ത് കണക്കിൽ വെളിപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| എം.ജി.എൻ.ആർ.ഇ.ജി.എ. റിപ്പോർട്ട് | വാർഷിക ധനകാര്യപത്രിക | | | വ്യത്യാസം |
|---|---|---|---|---|
| | ഐ.6 റവന്യൂ ചെലവ് | ബി.3 മൂലധന ചെലവ് | ആകെ | |
| 1 | 2 | 3 | 4 =(2+3) | 5= (1-4) |
| ₹4,15,94,000 | ₹1,22,79,601 | ₹1,22,57,381 | ₹2,45,36,982 | ₹1,70,57,018 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹1,28,73,200 | 817 |
| വിധവാപെൻഷൻ | ₹1,69,81,100 | 1142 |
| വാർദ്ധക്യകാല പെൻഷൻ | ₹3,36,86,500 | 2351 |
| വികലാംഗപെൻഷൻ | ₹53,01,100 | 354 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹5,19,800 | 34 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹90,000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2025 തീയതിയിൽ ഉച്ചയ്ക്ക് 3.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹3,221/- ന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല .

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മാത്രമാണ് മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളൂ. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ലിസ്റ്റ് ഇല്ല

1996- ലെ കേരള പഞ്ചായത്തി രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷവും ലൈസൻസ് എടുക്കുന്നവരുടെ ലിസ്റ്റ് മാത്രമാണ് സൂക്ഷിക്കുന്നത്. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത് ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ തുടർവർഷങ്ങളിൽ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ഓഡിറ്റിനും ഇത് ഉറപ്പാക്കാനാവുന്നില്ല. ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പ്രവർത്തനം നിർത്തുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും പുതിയതായി ആരംഭിക്കുന്നവയെ കൂട്ടിച്ചേർത്തും അതൊരു മാസ്റ്റർ ലിസ്റ്റ് ആക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങൾ ഒന്നും തന്നെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കുന്ന തരത്തിൽ ഒരു നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

റവന്യൂ വരുമാനം - സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല .

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം വസ്തു നികുതി, വാടക ഇനങ്ങളിൽ 1.19 കോടി രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. പിരിവുദ്യോഗസ്ഥന്മാരുടെ യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ വിളിച്ചു ചേർത്ത് റവന്യൂ കളക്ഷൻ പുരോഗതി നിരീക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ - കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽക്കുള്ള 26 ഓളം ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 2024-25 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, നഷ്ടം ₹18460/-

27.06.2024 ലെ സ.ഉ.(സാ.ധാ) നം 1149/2024/LSGD ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും തൊഴിൽ നികുതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പുതുക്കിയ തൊഴിൽ നികുതി സ്ലാബുകൾ 2024-25 രണ്ടാം അർദ്ധ വർഷം മുതൽ പ്രാബല്യം ഉള്ളതാണ്. എന്നാൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് 2024-25 രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടില്ല. ഇതുമൂലം 18460/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 2, ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

കേരള പഞ്ചായത്തിരാജ് നിയമം 1994 ഖണ്ഡിക 205.F പ്രകാരം ഓരാ വർഷം ആഗസ്റ്റ് മാസത്തിനും ഫെബ്രുവരി മാസത്തിനും അവസാനത്തിന് മുമ്പ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടവാക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതും, നികുതി തിട്ടപ്പെടുത്തിയ എല്ലാ ജീവനക്കാരുടേയും വിശദാംശങ്ങൾ, അതായത്, പേര്, ഉദ്യോഗപ്പേര്, അർദ്ധ വാർഷിക വരുമാനം, ഈടാക്കിയ നികുതി തുക എന്നിവയുടെ ഒരു ലിസ്റ്റ് സഹിതം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതും സമർപ്പിച്ചിട്ടുള്ള പ്രസ്താവനയിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാണിച്ചുകൊണ്ട് ഒരു സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ ചില സ്ഥാപനങ്ങളിൽ നിന്നും 2024-25 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി സ്വീകരിച്ചിരിക്കുന്നത് പ്രസ്തുത ലിസ്റ്റ് ഇല്ലാതെയാണ്. ഇത് മൂലം അടവാക്കിയിരിക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കാതെ വരുകയും നികുതി വരവിന്റെ കുറവിന് കാരണമാകുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/22.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം ഉൾപ്പെടുന്ന പ്രസ്തുത ലിസ്റ്റ് സ്ഥാപന ഉടമയിൽ നിന്നും സ്വീകരിച്ച് തുകയുടെ കൃത്യത പരിശോധിച്ച് തൊഴിൽ നികുതി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

കേരള പഞ്ചായത്തിരാജ് നിയമം 1994 ഖണ്ഡിക 204 പ്രകാരം 60 ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ്സ് നടത്തുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2024-25 വർഷം പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്ത ചുവടെ ചേർത്തിരിക്കുന്ന കരാറുകാർ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കി വിവരം അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 13/22.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| നം | കരാറുകാരുടെ പേര് |
|---|---|
| 1 | വിജയ് കൺസ്ട്രക്ഷൻസ്, മൈക്കളങ്ങര. കോലഞ്ചേരി |
| 2 | പി എച്ച് മുബാരക്ക് അഹമ്മദ്, പ്ലാവിലയിൽ(H), പാട നോർത്ത് കരുനാഗപ്പിള്ളി |
| 3 | ഡോൺ വി ജോസ്, വാഴയിൽ നെമ്പിള്ളി (H), പഴങ്ങനാട് |
| 4 | അജാസ് കെ പി, കാരേക്കാട്ടിൽ (H), പട്ടിമറ്റം |
| 5 | എബി കെ മാത്യു, കാവനാൽ, പുത്തൻകുരിശ് |
| 6 | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, ആലുവ |

## 1-13 വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മേഖലാ ഇളവുകൾ നൽകിയതിൽ അപാകത

സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 77/2023/LSGD, തീയതി 22.03.2023 പ്രകാരമുള്ള കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകളും മേഖലാ വിഭജനവും സംബന്ധിച്ച് 31.08.2023 ലെ സി4-781/2023 ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ് (01.04.2023 മുതൽ പ്രാബല്യം). എന്നാൽ സഞ്ചയയിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം 2023-24 വർഷം ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് പ്രസ്തുത വിജ്ഞാപനത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടാണ് എന്ന് കണ്ടു. കൂടുതൽ വിശദമായ പരിശോധനയ്ക്കായി വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

31.08.2023 ലെ സി4-781/2023 നമ്പർ വിജ്ഞാപന പ്രകാരം കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രദേശത്തുകൂടെ കടന്ന് പോകുന്ന PWD റോഡുകളിലേക്കും അഞ്ച് മീറ്റർ നേരിട്ട് പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നു. എന്നാൽ പ്രസ്തുത വിജ്ഞാപന പ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തേണ്ട ശ്രീ സലീം പി.കെ, ജെസ്സ റ്റി പി എന്നിവരുടെ ഉടമസ്ഥതയിലുള്ള അഞ്ച് കെട്ടിടങ്ങളെ (വാണിജ്യാവശ്യം- 100 ച.മീ. മുകളിൽ 500 ച.മീ. വരെയുള്ളവ - 5/112 B, 112 C,112 D, 112 E, 112 F ) ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. സഞ്ചയയിലെ വിവരങ്ങൾ പ്രകാരം പ്രസ്തുത കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത് PWD റോഡായ കിഴക്കമ്പലം പോഞ്ഞാശ്ശേരി റോഡിന് സമീപമാണ്. ഇത് മൂലം വസ്തുനികുതി ഡിമാന്റിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട | തറ | അടിസ്ഥാന | അടിസ്ഥാന | വഴി | മേഖല | മേഖലയുടെ | മേഖല | മേഖല | ആകെ വസ്തു | വാർഷിക | കുറവ് |
|---|---|---|---|---|---|---|---|---|---|---|---|

| നമ്പർ | വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിരക്ക് | വസ്തു നികുതി (A) | സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് (B) | (നിർണ്ണയിച്ചിരിക്കുന്നത്) | അടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന നികുതി ഇളവ് (C) | (നിർണ്ണയിക്കേണ്ടിയിരുന്നത്) | അടിസ്ഥാനത്തിൽ നൽകേണ്ടിയിരുന്ന നികുതി ഇളവ് (D) | നികുതി- (നിർണ്ണയിച്ചിരിക്കുന്നത്) (A+B-C) | വസ്തു നികുതി- (നിർണ്ണയിക്കേണ്ടിയിരുന്നത്) (A+B-D) | |
|---|---|---|---|---|---|---|---|---|---|---|---|
| 5/112 B | 27.82 | 80 | 2225.6 | 445.12 | ദ്വിതീയം | 222.56 | പ്രഥമം | 0 | 2448.16 | 2670.72 | 222.56 |
| 5/112 C | 24.31 | 80 | 1944.8 | 388.96 | ദ്വിതീയം | 194.48 | പ്രഥമം | 0 | 2139.28 | 2333.76 | 194.48 |
| 5/112 D | 24.37 | 80 | 1949.6 | 389.92 | ദ്വിതീയം | 194.96 | പ്രഥമം | 0 | 2144.56 | 2339.52 | 194.96 |
| 5/112 E | 24.43 | 80 | 1954.4 | 390.88 | ദ്വിതീയം | 195.44 | പ്രഥമം | 0 | 2149.84 | 2345.28 | 195.44 |
| 5/112 F | 48.55 | 80 | 3884 | 776.8 | ദ്വിതീയം | 388.4 | പ്രഥമം | 0 | 4272.4 | 4660.8 | 388.4 |

(പ്രസ്തുത കെട്ടിടങ്ങൾക്ക് ബാധകമായ നികുതി ഇളവികളും വർദ്ധനവുകളും മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്)

പ്രസ്തുത കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 37/27.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ വിശദമായി പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് മേഖലകൾ തിരഞ്ഞെടുക്കുമ്പോൾ ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തന്നെയുള്ള മേഖലയിൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 5/112 A നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

ശ്രീ കാതിർ മുഹമ്മദ്, കളത്തിനാൽ മുണ്ടേത്ത് ഹൗസ്, കാരുകുളം, വിലങ്ങ് പി ഒ. യുടെ ഉടമസ്ഥതയിലുള്ള 5/112A നമ്പർ കെട്ടിടത്തിന്റെ (12.10.2022 ൽ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടം) വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

PWD റോഡായ കിഴക്കമ്പലം പോഞ്ഞാശ്ശേരി റോഡിലേക്ക് നേരിട്ട് പ്രവേശനമാർഗ്ഗമുള്ള ഈ കെട്ടിടത്തിനെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നത്(ഈ റോഡിലൂടെ പ്രവേശനം ഉള്ള മറ്റ് കെട്ടിടങ്ങളെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഉദാ- 5/209D,5/258C). ആയതിനാൽ വസ്തുനികുതി ഡിമാന്റ് ചെയ്തിരിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. നികുതി നിർണ്ണയം സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 5/112 A |
| ഉടമയുടെ പേര് | ശ്രീ കാതിർ മുഹമ്മദ് |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ |
| തറവിസ്തീർണ്ണം | 414.12 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 60/$M^2$ |
| അടിസ്ഥാന വസ്തു നികുതി (A) | 414.12 * 60 = 24847.2/- |
| വഴി സൌകര്യം | കിഴക്കമ്പലം പോഞ്ഞാശ്ശേരി റോഡ് ( PWD റോഡ്), 10 മിറ്റർ വീതി |
| വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്(B) | 20%, 4969.44/- |
| മേഖല (നിർണ്ണയിച്ചിരിക്കുന്നത്) | ദ്വിതീയം |
| മേഖലയുടെ അടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന നികുതി ഇളവ് (C) | 10 %, 2484.72/- |
| മേഖല (നിർണ്ണയിക്കേണ്ടിയിരുന്നത്) | പ്രാഥമികം |
| മേഖല അടിസ്ഥാനത്തിൽ നൽകേണ്ടിയിരുന്ന നികുതി ഇളവ് (D) | 0 |
| മേൽക്കൂര | കുറഞ്ഞതരം മേൽക്കൂര |
| മേൽക്കൂരയുടെ അടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന നികുതി ഇളവ് (E) | 10%, 2484.72/- |
| ആകെ വസ്തു നികുതി- (നിർണ്ണയിച്ചിരിക്കുന്നത്) (A+B-C-D) | 24848/- |
| വാർഷിക വസ്തു നികുതി- (നിർണ്ണയിക്കേണ്ടിയിരുന്നത്) (A+B-D-E) | 27332/- |

| | |
|---|---|
| കുറവ്(2022-23 ) | 27332 – 24848 = 2484/- |
| കുറവ്(2023-24 ) | 1.05*2484 = 2609/- |
| കുറവ്(2024-25 ) | 1.05 * 2609 = 2740/- |

വാർഷിക വസ്തുനികുതി നിർണ്ണയത്തിൽ ഉണ്ടായ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 38/27.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ വിശദമായി പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 രജിസ്ട്രേഷൻ പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3.1 പ്രകാരം " No Private Hospital And Private Paramedical Institution Shall Be Established Within The Territorial Limits Of A Village Panchayat Without Previous Registration Under These Rules.” എന്നാൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം പ്രസ്തുത രജിസ്ട്രേഷൻ എടുത്തിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2024-25 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മെഡിലൈൻ ഡയഗ്നോസ്റ്റിക് സെന്റർ, സെന്റ് ആന്റണീസ് ഷോപ്പിംഗ് കോംപ്ലക്സ്, കിഴക്കമ്പലം |
| 2 | കെയർ ഡെന്റ്സ്, ഡെന്റൽ ക്ലിനിക്, കിഴക്കമ്പലം |
| 3 | മെട്രോ ഡെന്റൽ ക്ലിനിക്, സെന്റ് ആന്റണീസ് ഷോപ്പിംഗ് കോംപ്ലക്സ്, കിഴക്കമ്പലം |
| 4 | ഫ്യൂച്ചർ മെഡി ഡെന്റ് ക്ലിനിക്, V/728 C |
| 5 | ചേലക്കുളം ഡയഗ്നോസ്റ്റിക് സെന്റർ, ചേലക്കുളം |
| 6 | പാർവതി ക്ലിനിക്, ദയറപ്പടി, ഞാറല്ലൂർ |
| 7 | അസിയൻ ഡയഗ്നോസ്റ്റിക് സെന്റർ, മലയിടംതുരുത്ത് |

പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ തുറന്നു പ്രവർത്തിക്കുന്നുണ്ടോ എന്നും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമേൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നമ്പർ 23/25.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ നിലവിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 റവന്യൂ കുടിശ്ശിക – 1.19 കോടി രൂപ – പിരിച്ചെടുക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കണം.

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം വസ്തുനികുതി, വാടക ഇനങ്ങളിൽ 1.19 കോടി രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|
| 431100101 | വസ്തുനികുതി പാർപ്പിടാവശ്യം (തൻവർഷം) | ₹1,409,020.00 |
| 431100102 | വസ്തുനികുതി പാർപ്പിടാവശ്യം (മുൻവർഷം) | ₹1,357,477.00 |
| 431100103 | വസ്തുനികുതി പാർപ്പിടേതരം (തൻവർഷം) | ₹3,051,226.00 |
| 431100104 | വസ്തുനികുതി പാർപ്പിടേതരം (മുൻവർഷം) | ₹4,075,986.00 |
| 431400101 | കെട്ടിട വാടക (തൻവർഷം) | ₹33,000.00 |
| 431400102 | കെട്ടിട വാടക (മുൻവർഷം) | ₹1,978,177.00 |
| ആകെ | | ₹1,19,04,886.00 |

ഈ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട റവന്യൂ യഥാസമയം കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയിലേക്ക് ശുപാർശ ചെയ്യുന്നു.

## 1-17 ഓഡിറ്റ് ഇംപാക്ട്

വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ നിന്നും അഗ്രികൾച്ചർ ഓഫീസർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള രസീത് ബുക്കുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ 596/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 35/27.09.2025 നൽകിയതിനെ തുടർന്ന് 29.09.2025 ലെ റസീപ്റ്റ് നം. R-G070503-25005260 പ്രകാരം 596/- രൂപ അടവാക്കി.

## 1-18 സംയുക്ത പ്രോജക്ടിന് ലഭിച്ച തുക ₹8,54,691 നഷ്ടമായി.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ള തുകകളിൽ റിഡംപ്ഷൻ ഇനത്തിൽ കുറവ് ചെയ്ത തുകകൾ Receivables Of Redemption (431500199) എന്ന ആസ്തി ഹെഡിൽ നിന്നും എഴുതി തള്ളിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| കോഡ് | ഹെഡ് | എഴുതി തള്ളിയ തുക (₹) |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 280,000.00 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 442,199.00 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 132,492.00 |
| ആകെ | | 8,54,691.00 |

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമില്ലാതെയാണ് ഈ തുക പഞ്ചായത്ത് കണക്കുകളിൽ നിന്നും എഴുതി തള്ളിയിട്ടുള്ളത്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക ഇനി തിരികെ ലഭിക്കാൻ സാധ്യതയില്ലാത്തതാണ് എന്നിരിക്കിലും ഭരണസമിതിയുടെ അംഗീകാരമില്ലാതെ തുക എഴുതി തള്ളിയ നടപടി ക്രമവിരുദ്ധമാണ്.

വിവിധ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാതിരുന്നതുമൂലമാണ് ₹8,54,691/- നഷ്ടപ്പെട്ടിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുകകൾ യഥാസമയം പ്രസ്തുത ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിച്ച് തുക നഷ്ടപ്പെട്ടു പോകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ (340100303) പ്രകാരം താഴെ ചേർക്കും പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ₹1,15,500 ബാദ്ധ്യത ഉള്ളതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം, കാലഹരണപ്പെട്ടിട്ടുള്ള നിക്ഷേപം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-32 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. നിലവിലും ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി നിലനിർത്തുന്നതിനുള്ള കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/22.09.2025) ആയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഉടനെ നടക്കാനിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ കാലഹരണപ്പെട്ടിട്ടുള്ള ഈ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 മുൻകൂർ നൽകിയ തുക - ₹2,09,200/- ക്രമീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്.

| കോഡ് | ശീർഷകം | തുക |
|---|---|---|

| | | |
|---|---|---|
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ് ഓഫീസേഴ്സ് | ₹1,90,000.00 |
| 460509901 | അഡ്വാൻസ് ടു അദേഴ്സ് | ₹19,200.00 |
| ആകെ | | ₹2,09,200.00 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/22.9.2025) ₹1,90,000/- സി.എച്ച്.സി. മലയിടംതുരുത്ത് മെഡിക്കൽ ഓഫീസർക്ക് സാനിട്ടേഷൻ പ്രവർത്തനങ്ങൾക്കായി 2021-22 ൽ നൽകിയിട്ടുള്ളതാണെന്നും ₹19,200/- 2021-22ൽ തന്നെ നൽകിയിട്ടുള്ളതാണെന്നും (ആർക്ക് നൽകിയതാണെന്ന് വ്യക്തമാക്കിയിട്ടില്ല) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുൻകൂറായി നൽകുന്ന തുകകൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം തന്നെ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

### 1-21 മുൻവർഷങ്ങളിൽ നിക്ഷേപിച്ച 2.04 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) മുൻവർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക (₹) |
|---|---|---|
| 460500201 | കേരള വാട്ടർ അതോറിറ്റി | 79,69,058.00 |
| 460500202 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,24,51,632.00 |
| ആകെ | | 2,04,20,690.00 |

ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്നും പ്രവൃത്തി പൂർത്തീകരിച്ച് മുൻകൂർ തുക ക്രമീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

### 1-22 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ - 38.72 ലക്ഷം രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | നീക്കിയിരുപ്പ് (₹) |
|---|---|
| ഫ്ലഡ് റിലീഫ് ഗ്രാന്റ് 320100192 | 1,00,000.00 |
| ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ 320100198 | 6,36,013.00 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | 8,00,000.00 |
| എൽ.എ.ഡി-എം.പി. 320200306 | 35,454.00 |
| ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് പഞ്ചായത്ത് റവന്യൂ 320700204 | 22,00,761.00 |
| സ്പെഷ്യൽ പർപ്പസ് ക്യാപിറ്റൽ 320800199 | 1,00,000.00 |
| ആകെ | 38,72,228.00 |

ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകൾ തൻവർഷം വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/22.09.2025) വിനിയോഗിക്കാതെ ബാക്കിയുള്ള തുകകൾ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും അനുയോജ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-23 നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ₹4,41,538/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | മാലിന്യപരിപാലനം പൊതു സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ (എസ്.0270/25) |
| അടങ്കൽ | ₹5,00,000/- (വികസന ഫണ്ട് - ജനറൽ)<br>₹20,00,000/- (സി.എഫ്.സി. ഫണ്ട്)<br>₹25,00,000 |
| ചെലവ് | ₹4,41,538/- (വികസന ഫണ്ട് - ജനറൽ)<br>UTR No. RBI 0752502282888/ 15.3.2025. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിന്റെ 18 പൊതുഇടങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിനായി C-DIT എന്ന സ്ഥാപനം സമർപ്പിച്ച ₹22,07,687/- ന്റെ എസ്റ്റിമേറ്റ് 29.01.2025 ലെ 4(1) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ഈ സ്ഥാപനവുമായി 01.03.2025 ൽ കരാർ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% തുകയായ ₹4,41,538/- മുൻകൂറായി C-DIT ന് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് അപാകതകളും ആയവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/26.09.2025) ലഭ്യമാക്കിയ മറുപടിയും താഴെ ചേർക്കുന്നു.

1. കരാർ വ്യവസ്ഥ പ്രകാരം എഗ്രിമെന്റ് വച്ച് അഡ്വാൻസ് തുക കൈപ്പറ്റി 90 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണം. ഈ പ്രവൃത്തിയുടെ ഭാഗമായി 18 സ്ഥലങ്ങളിലും ക്യാമറ സ്ഥാപിക്കലും ആയതിന്റെ കമ്മീഷനിങ്ങും നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടതിന് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും ക്യാമറകൾ സ്ഥാപിക്കുന്നതിനാവശ്യമായ പോളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

2. ക്യാമറ സ്ഥാപിക്കുന്നതിനായുള്ള ഇലക്ട്രിക് പവർ കണക്ഷൻ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഈ പ്രവൃത്തികൾ യഥാസമയം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തി നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ടതിന് വയറിങ് , ഇന്റർനെറ്റ് കണക്ഷൻ എന്നിവയ്ക്കായി പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്.

3. പ്രോജക്ട് നിർവ്വഹണം അംഗീകൃത മോണിട്ടറിങ് സമിതി വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന നിർദ്ദേശത്തിന് ആയത് ഹാജരാക്കിയിട്ടില്ല.

ഈ പ്രവൃത്തിക്കായി C-DIT സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ക്യാമറ സ്ഥാപിക്കുന്നതിനായുള്ള ഇലക്ട്രിക് പവർ കണക്ഷൻ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിക്കൊടുക്കണം എന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ടായിരുന്നെങ്കിലും ഇപ്രകാരമുള്ള അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി നൽകുന്നതിന് നടപടി സ്വീകരിക്കാതെ ക്യാമറ സ്ഥാപിക്കുന്നതിനായി മുൻകൂർ തുക നൽകിയത് പ്രവൃത്തി പൂർത്തീകരണം വൈകിപ്പിച്ചിരിക്കുകയാണ്.

എത്രയും വേഗത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ക്യാമറ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതിന് വിധേയമായി ₹4,41,538/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി - നിർവ്വഹണത്തിലെ അപാകതകൾ - ₹1,23,750/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി (എസ്.0269/25) |

| | |
|---|---|
| അടങ്കൽ | ₹1,25,000/- (തനത് ഫണ്ട്) |
| ചെലവ് | ₹1,23,750/- (വൗച്ചർ നം.22401644/ 27.3.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ തുടർസാക്ഷരതാ തുല്യതാ പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ് കോഴ്സ് ഫീസ് എന്നിവ സാക്ഷരതാ മിഷനിലേക്ക് അടവാക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടാണിത്. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1. പഠിതാക്കളുടെ വിവരം ലഭ്യമല്ല : പത്താംതരം തുല്യതാ പരീക്ഷയ്ക്കായി 21 ഗുണഭോക്താക്കൾക്കും (21 X ₹1950/- = ₹40950/-) പ്ലസ് വൺ തുല്യതാ പരീക്ഷയ്ക്കായി 23 ഗുണഭോക്താക്കൾക്കും (23 X ₹2600/- = ₹59800/-) പ്ലസ് ടു തുല്യതാ പരീക്ഷയ്ക്കായി 10 ഗുണഭോക്താക്കൾക്കും (10 X ₹2300/- = ₹23000/-) ആണ് തുക അടവാക്കിയിട്ടുള്ളത്. എന്നാൽ ഈ ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമല്ല.

2. കോഴ്സ് ഫീസും രജിസ്ട്രേഷൻ ഫീസും അടവാക്കപ്പെട്ട പഠിതാക്കൾ തുല്യതാ പരീക്ഷ എഴുതിയത് സംബന്ധിച്ച രേഖകൾ (അഡിമിറ്റ് കാർഡ്/ അറ്റൻഡൻസ് സർട്ടിഫിക്കറ്റ്) ലഭ്യമല്ല.

3. പ്രോജക്ട് നിർവ്വഹണം അംഗീകൃത മോണിറ്ററിങ്ങ് സമിതി വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/ 25.9.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി ₹1,23,750/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഹോമിയോ മരുന്ന് ലഭിച്ചില്ല - ₹66,819/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (നം. എസ്.0056/25) |
| അടങ്കൽ | ₹3,00,000/- (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹3,00,000/- (UTR RBI 3002487988518/25.10.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഈ പ്രോജക്ടിന്റെ ഭാഗമായി M/S ഹോംകോ ലിമിറ്റഡിന് പ്രൊഫോർമ ഇൻവോയ്സ് നം.#PF-291 / 24.09.2024 പ്രകാരം മുൻകൂറായി ₹3,00,000/-നൽകിയിട്ടുണ്ട്. എന്നാൽ ₹2,33,181/- തുകയ്ക്കുള്ള മരുന്നുകൾ മാത്രമെ നാളിതുവരെ ലഭ്യമായിട്ടുള്ളൂ എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻകൂർ നൽകിയ തുക | ₹3,00,000.00 |
| ലഭ്യമായ മരുന്നിന്റെ വിവരം | |
| ഇൻവോയ്സ് നം. എൽ.എഫ്.2786/4.3.25 | ₹1,22,584.00 |
| ഇൻവോയ്സ് നം. എൽ.എഫ്.727/11.7.25 | ₹97,402.00 |
| ഇൻവോയ്സ് നം. എൽ.എഫ്.866/19.7.25 | ₹13,195.00 |
| ആകെ ലഭ്യമായ മരുന്നിന്റെ മൂല്യം | ₹2,33,181.00 |
| ഇനിയും ലഭ്യമാകുവാനുള്ള മരുന്നിന്റെ മൂല്യം | ₹66,819.00 |

M/S ഹോംകോ ലിമിറ്റഡുമായി കരാറിൽ ഏർപ്പെടാതെയാണ് മുൻകൂറായി പണം നൽകിയിട്ടുള്ളത് എന്ന് കാണുന്നു. പണം മുൻകൂർ നൽകി ഒമ്പതുമാസമായിട്ടും മരുന്നൊന്നും ലഭിക്കാത്തത് രോഗികളായ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്നും മരുന്നുകൾ സമയബന്ധിതമായും പൂർണ്ണമായും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24.9.2025) മരുന്നുകൾ ലഭിക്കാത്തത് ചികിത്സക്ക് തടസ്സമാകുന്നില്ലയെന്നും മരുന്നുകൾ എത്രയും പെട്ടെന്ന് എത്തിച്ച തരുമെന്നും ഹോംകോ ഉറപ്പ് നൽകിയിട്ടുള്ളതായും മറുപടി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്ക് എൻട്രി വരുത്തുന്നതിന് വിധേയമായി ₹66,819/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ₹57,382 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.0124/25) |
| അടങ്കൽ | ₹5,00,000/- (തനത് ഫണ്ട്) |
| ചെലവ് വിവരം | ₹57,382/- ( വൗ.നം. 22400878/ 27.12.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെ DB13/2024-25/PTM/Demand Notice/

185/17.12.2024 പ്രകാരമുള്ള എസ്റ്റിമേറ്റ് അനുസരിച്ച് എരപ്പുംപാറ – ആഞ്ഞിലിച്ചുവട് റോഡ് നവീകരണ പ്രവൃത്തിയുടെ ഭാഗമായി പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് തുക മുൻകൂർ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/22.9.2025) മറുപടി ലഭ്യമാക്കിയില്ല.

(എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ₹57,382/- ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ തന്നെ 460500202 എന്ന ശീർഷകത്തിൽ കുറവ് ചെയ്തിരിക്കുകയാണ്.)

ഫൈനൽ ബില്ലും ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി തുക ക്രമീകരിക്കുന്നതിന് വിധേയമായി ₹57,382/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 എഫ്.എച്ച്.സി. മലയിടംതുരുത്ത്-മരുന്ന് പൂർണ്ണമായും ലഭ്യമായില്ല ₹48,457/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | എസ് 0049/25, പാലിയേറ്റീവ് കെയർ പരിരക്ഷ |
| അടങ്കൽ | ₹600000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹600000/-(വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി മലയിടംതുരുത്ത് |
| ബിൽ നം./തീയതി/തുക | 1)47/20.06.24 - ₹73,560/-<br>2)48/20.06.24 – ₹17,600/-<br>3)64/09.07.24 - ₹ 30,900/-<br>4) 99/09.08.24 – ₹30,660/-<br>5)146/04.09.24 – ₹1,50,000/-<br>6) 150/04.09.24 – ₹30,640/-<br>7) 173/ 10.10.24 – ₹1,200/-<br>8)174/10.10.24 – ₹30,260/-<br>9)196/12.11.24 - ₹30,580/-<br>10)243/06.12.24 - ₹30,500/-<br>11)280/26.12.24 - ₹49,882/-<br>12)296/07.01.25 - ₹30,260/-<br>13)386/11.02.25 - ₹29,930/-<br>14)462/07.03.25 - ₹29,520/-<br>15)466/07.03.25 - ₹34,508/- |

മേൽ പട്ടികയിലെ ക്രമ നം. 5 ബിൽ പ്രകാരം ₹1,50,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് പ്രോഫോർമ ഇൻവോയിസ് നം-PRF/955/17.08.24 പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ₹1,01,543/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹48,457/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/23.09.2025) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാകുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതു വരെ ₹48,457/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിയുടെ (ജനറൽ) രജിസ്റ്റർ പരിശോധിച്ചതിൽ വി.ഇ.ഒ നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആരംഭിച്ച തിയതി | ആകെ നൽകിയ തുക |
|---|---|---|---|
| 1. | ബേബി ലാൽ, നാളോത്തുകുടി വീട്, പൊയ്യക്കുന്നം, വാർഡ് -12 | 23.03.2023 | 200000/- |
| 2 | കെ.ജി സുധാകരൻ, കാവുങ്കൽ വീട്, വാർഡ് -12 | 16.06.2023 | 200000/- |
| 3 | എൽസി ജോയി, കവളങ്ങാട്ടുകുടി വീട്, കുന്നത്ത്കുടി വാർഡ് -10 | 27.06.2024 | 40,000/- |
| 4 | ലിസ്സി ജോൺസൺ, കൊളബേൽകുടിയിൽ, പറക്കാട്ട്മ്യാലിൽ, വിലങ്ങ്, വാർഡ് -10 | 12.07.2024 | 40,000/- |
| 5 | എം.ഡി മറിയാമ്മ, മോളത്തുകുടി വീട്, ഞാറള്ളൂർ, വാർഡ് -10 | 12.07.2024 | 40,000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയോ എന്ന വിവരം ലഭ്യമാക്കുവാൻ

ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/25.09.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ ഗുണഭോക്താക്കൾക്ക് തപാൽ വഴിയും നേരിട്ടും വാർഡ് മെമ്പർ മുഖാന്തിരവും പണി ആരംഭിക്കാൻ നിർദേശം നൽകുകയും പഞ്ചായത്ത് കമ്മറ്റിയ്ക്ക് ഇത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-29 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | S0341/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | ₹18,00,000/- (എസ് സി പി- ₹15,44,440/-, തനത് ഫണ്ട് - 255560/-) |
| ചെലവ് | ₹120000/- (എസ് സി പി) |
| ബിൽ നമ്പർ/തീയതി, തുക | 446/06.03.2025 ₹30000/-<br>576/24.03.2025 ₹30000/-<br>597/25.03.2025 ₹60000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ നമ്പർ പ്രൊജക്റ്റ് പ്രകാരം പഠനമുറി നിർമ്മാണത്തിന് തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന 2 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര്, വിലാസം | കരാർ തീയതി | കൈപ്പറ്റിയ ആകെ തുക (₹) |
|---|---|---|
| ലക്ഷ്മിപ്രിയ എം.എച്ച്, D/O ഹിമേഷ് എം.ആർ, മുരിങ്ങനാട് ഹൗസ്,47, കുമ്മനോട്, പട്ടിമറ്റം | 06/03/25 | 30,000/- |
| അനഘ മനോജ്, D/O മനോജ്, കൊറ്റംകുഴി വീട്, പഴങ്ങനാട്, കിഴക്കമ്പലം | ലഭ്യമല്ല | 90,000/- |

പ്രസ്തുത ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/23.09.2025) നിർമ്മാണം പൂർത്തീകരിച്ച് വരുന്നതായി മറുപടി ലഭ്യമാക്കി. പഠന മുറി നിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

അനഘ മനോജ്, D/O മനോജ്, കൊറ്റംകുഴി വീട്, പഴങ്ങനാട്, കിഴക്കമ്പലം എന്ന ഗുണഭോക്താവ് പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഹാജരാക്കിയില്ല. ലക്ഷ്മിപ്രിയ എം.എച്ച്, D/O ഹിമേഷ് എം.ആർ, മുരിങ്ങനാട് ഹൗസ്,47, കുമ്മനോട്, പട്ടിമറ്റം എന്ന ഗുണഭോക്താവ് കരാർ നിബന്ധനകൾ രേഖപ്പെടുത്താത്ത ബ്ലാങ്ക് മുദ്രപത്രം മാത്രമാണ് ലഭ്യമാക്കിയത്, വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച തൈ ഉൾപ്പെടെ - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO131/25 -പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും പോട്ടിംഗ് മിശ്രിതം നിറച്ച തൈ ഉൾപ്പെടെ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി അടങ്കൽ | ₹7,13,450/-<br>(വികസനഫണ്ട്-ജനറൽ- ₹5,34,712/-, ഗുണഭോക്തൃ വിഹിതം -₹1,78,738/-) |
| ആകെ ചെലവഴിച്ച തുക | ₹7,13,450/-<br>(വികസനഫണ്ട്-ജനറൽ- ₹5,34,712/-, ഗുണഭോക്തൃ വിഹിതം -₹1,78,738/-) |
| യു ടി ആർ നം / തിയതി | RBI0832513950847 / 24.03.25 -₹1,06,800/-<br>RBI0812512688220 / 21.03.25 -₹1,35,280/-<br>RBI0842514829906 / 24.03.25 -₹99,680/-<br>RBI08422517450463 / 25.03.25 -₹44,144/-<br>RBI0842517450466 / 24.03.25 -₹77,608/-<br>RBI0842517450707 / 25.03.25 -₹71,200/- |

പച്ചക്കറി കൃഷി വികസനത്തിനായി എച്ച്.ഡി.പി.ഇ പോട്ടും, പോട്ടിംഗ് മിശ്രിതവും തൈകളും ഉൾപ്പെടെ എടത്തല കാർഷിക കർമ്മസേനയിൽ നിന്ന് വാങ്ങി കർഷകർക്ക് വിതരണം ചെയ്യുകയാണ് മേൽ പ്രോജക്റ്റിൽ നടപ്പാക്കിയിട്ടുള്ളത്. 75 % സബ്സീഡി നിരക്കിലാണ് പോട്ടും, പോട്ടിംഗ് മിശ്രിതവും തൈകളും, വിതരണം ചെയ്തിട്ടുള്ളത്. ഒരു യൂണിറ്റിന് 190/- രൂപ നിരക്കിൽ 3755 പോട്ടുകൾ വാങ്ങി 751 ഗുണഭോക്താക്കൾക്ക് വിതരണം

ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ -

1) ജി.ഒ(ആർ.ടി.) നം 2854/2022/തസ്വഭവ തീയതി 18.11.2022 പ്രകാരം പച്ചക്കറി കൃഷിക്ക് ഗ്രോ ബാഗിന് പകരം HDPE പോട്ട് (High Density Poly Ethylene) ഉപയോഗിക്കേണ്ടതാണെന്ന നിർദ്ദേശമനുസരിച്ചാണ് ഇവ വാങ്ങിയിട്ടുള്ളത്. എന്നാൽ, ടെണ്ടർ നടപടികളിലൂടെ വാങ്ങണമെന്നും, HDPE പോട്ട് ന് 5 വർഷം വാറന്റി ഉണ്ടായിരിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, ടെണ്ടർ നടപടികളില്ലാതെ, നേരിട്ടാണ് എടത്തല കാർഷിക കർമ്മസേനയിൽ നിന്നും ഇവ വാങ്ങിയിട്ടുള്ളത്.

2) വാങ്ങിയ സ്ഥാപനവുമായി കരാറിലേർപ്പെട്ടതായി കണ്ടില്ല. 5 വർഷ വാറന്റി ഉറപ്പുവരുത്തേണ്ട വാങ്ങൽ ആയിരുന്നിട്ടുകൂടി കരാറിലേർപ്പെടാതിരുന്നത് ശരിയായ നടപടിയല്ല.

3) തദ്ദേശസ്ഥാപനങ്ങളിലെ വാർഷികപദ്ധതികളുടെ സബ്സിഡി-ധനസഹായം,അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ 28.05.2022 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.115/22/തസ്വഭവ പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർ അധ്യക്ഷനായ സമിതി രൂപീകരിച്ചിരുന്നു. ഈ സമിതിയുടെ 30.10.2024 ലെ 103578/22/DPC/DPO/EKM നം.ഉത്തരവ് പ്രകാരം 10 ഇഞ്ച് വലിപ്പമുള്ള പോട്ടിംഗ് മിശ്രിതവും തൈകളും നിറച്ച 10-12 ഇഞ്ച് വ്യാസവും, 5mm കനവും, 450gm ഭാരവും അൾട്രാ വയലറ്റ് സംരക്ഷണവും 5 വർഷത്തെ ഗ്യരണ്ടിയോട് കൂടിയുള്ള ഒരു എച്ച്.ഡി.പി.ഇ പോട്ടിന്റെ വില 190-210 രൂപയാണ്. എന്നാൽ എടത്തല കാർഷിക കർമ്മസേന ഹാജരാക്കിയ ബില്ലിൽ എച്ച്.ഡി.പി.ഇ. പോട്ട് എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്.

4) ഇൻവോയ്സുകളിൽ സപ്ലൈ ചെയ്ത പോട്ടുകളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ ആസൂത്രണ സമിതി യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള എച്ച്.ഡി.പി.ഇ. പോട്ടുകൾ ആണ് നിർവ്വഹണോദ്യോഗസ്ഥൻ വാങ്ങി വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇൻവോയ്സിൽ സപ്ലൈ ചെയ്ത എച്ച്.ഡി.പി.ഇ. പോട്ടുകളുടെ സ്പെസിഫിക്കേഷൻ എന്താണെന്ന് വ്യക്തമല്ല. എച്ച്.ഡി.പി.ഇ പോട്ടുകളുടെ സ്പെസിഫിക്കേഷൻ ഉറപ്പാക്കാതെയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/26.09.2025) ലഭ്യമാക്കിയ മറുപടിയിൽ എടത്തല കാർഷിക കർമ്മസേന എന്ന സ്ഥാപനത്തിൽ നിന്നും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി തൈ, പോട്ടിങ് മിശ്രിതം, എച്ച്.ഡി.പി.ഇ. ചട്ടി ഉൾപ്പെടെയുള്ള യൂണിറ്റ് നടീൽ വസ്തുക്കൾ എന്ന നിലയിൽ വാങ്ങൽ നടപടികൾ സ്വീകരിച്ചതിനാലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്ന് അറിയിച്ചു. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ചു കൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-31 റോഡ് പ്രവൃത്തികളിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ്ങ് കാർപ്പെറ്റ് - സി ഇ യുടെ സർക്കുലറിലെ നിർദ്ദേശം പാലിച്ചില്ല.

സർക്കുലർ നം. ഡിബി.1/1966/2021/സിഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യു, തീയതി 13.01.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനർനിർമ്മാണം നടത്തുമ്പോൾ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ്ങ് കാർപ്പെറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച ഭൂരിഭാഗം റോഡു പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|
| 38/2025 | തേയ്ക്കാനത്ത് റോഡ് പുനരുദ്ധാരണം. |
| 31/2025 | സെന്റ് ജോർജ് കുരിശ് ജംക്ഷൻ പടത്തിപ്പാടം റോഡ് പുനരുദ്ധാരണം. |
| 03/2025 | ആട്ടുപ്പടി മണ്ണുളിത്താഴം റോഡ് പുനരുദ്ധാരണം. |
| 07/2025 | കിയാപ്പിള്ളിത്താഴം റോഡ് പുനരുദ്ധാരണം |

മേൽ സർക്കുലറിലെ നിർദ്ദേശം പാലിക്കാതിരുന്നതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 33/27.09.2025 നൽകിയതിനുള്ള മറുപടിയിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ്ങ് കാർപ്പെറ്റ് ചെയ്യണമെന്ന നിർബന്ധം സർക്കുലറിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് ഓപ്പൺ ഗ്രേഡ് ചിപ്പിങ്ങ് കാർപ്പെറ്റ് ചെയ്തതെന്നാണ് അറിയിച്ചത്. എന്നിരുന്നാലും താരതമ്യേന സ്ട്രെംഗ്ത്ത് കൂടുതലും, ചെലവ് കുറവുമായ പ്രവർത്തിയായതിനാൽ സാധ്യമായ ഇടങ്ങളിൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ്ങ് കാർപ്പെറ്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തിക്ക് മതിയായ ഇൻഷ്വറൻസ് കവറേജ് ഉറപ്പാക്കിയില്ല.

അസി.എഞ്ചിനീയർ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിക്ക് മതിയായ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല. എൽ.ഒ.എ പ്രകാരം കരാർ തുകയുടെ 0.5%(കുറഞ്ഞത് 2,00,000/-യും പരമാവധി 5,00,000/-യുമാണ്) ആണ് ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടത്. എന്നാൽ താഴെ ചേർക്കുന്ന മരാമത്തു പ്രവൃത്തികൾക്ക് കുറഞ്ഞ കവറേജ് തുകയായ 200000/-രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | എടുത്ത ഇൻഷ്വറൻസ് കവറേജ് തുക |
|---|---|---|
| 26/2025 | താമരച്ചാൽ തോട്ടങ്കൽ റോഡ് | 126877/- |
| 15/2025 | കൃപാലയം കനാൽ ബണ്ട് റോഡ് | 46526/- |
| 25/2025 | ഷാപ്പുംപടി കളക്കാട്ട്ചാൽ റോഡ് | 143791/- |

മേൽ അപാകതയുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 31/27.09.2025 നൽകിയതിനുള്ള മറുപടിയിൽ അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുള്ളതിനാൽ ഇനിമുതൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവർത്തിക്ക് മതിയായ നിരക്കിലുള്ള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ജൽജീവൻ മിഷൻ - റോഡ് പുനരുദ്ധരണതുക ലഭ്യമായില്ല

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ റോഡ് പുനരുദ്ധാരണ പ്രവർത്തികളുടെ ഭാഗമായി ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേടുപാടുകൾ സംഭവിച്ച റോഡുകൾകൂടി പുനരുദ്ധരിച്ചതായി ഫയൽ പ്രകാരം കാണുന്നു. ലഭ്യമായ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | പുനരുദ്ധരിച്ച ഏരിയ |
|---|---|---|
| 11/25 | മനഫിയ മലേപ്പിള്ളി റോഡ് പുനരുദ്ധാരണം | 13.2 ച.മീ. |
| 13/25 | വെള്ളാരംകുഴി റോഡ് പുനരുദ്ധാരണം | 71.5 ച.മീ. |
| 31/25 | സെന്റ് ജോർജ് കുരിശ് ജംക്ഷൻ പടത്തിപ്പാടം റോഡ് | 29 ച.മീ. |
| 38/25 | തൈക്കനത്ത് റോഡ് പുനരുദ്ധാരണം | 76.3 ച.മീ. |
| 366/25 | ചേലക്കുളം പള്ളിച്ചിറപ്പാടം റോഡ് പുനരുദ്ധാരണം(ടൈൽ റോഡ്) | 192.1 ച.മീ. |

ജൽ ജീവൻ മിഷന്റെ ഭാഗമായി പൈപ്പിടുന്ന റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ചുമതല ജൽ ജീവൻ മിഷന് തന്നെ ആണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് ഈ പ്രവൃത്തി ചെയ്തത് സംബന്ധിച്ച സാഹചര്യം വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഏതെല്ലാം റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തിയിട്ടുണ്ടെന്നും ആയതിന്റെ അളവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ചെലവഴിച്ച തുകകൾ റീക്കൂപ്പ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷനോട് ആവശ്യപ്പെടുകയോ തുക ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 36/27.09.2025 നൽകിയതിനുള്ള മറുപടിയിൽ ചെലവഴിച്ച തുകകൾ റീക്കൂപ്പ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ജൽ ജീവൻ പദ്ധതി - അവലോകനം.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

### ജൽജീവൻ മിഷൻ - കേരളം

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 20-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ജൽജീവൻ മിഷനും - കിഴക്കമ്പലം ഗ്രാമ പഞ്ചായത്തും

ഗാർഹിക കുടിവെള്ള കണക്ഷനുകൾ മുഴുവൻ വീടുകൾക്കും നൽകുന്ന ജൽ ജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും വിഹിതം വാട്ടർ അതോറിറ്റിയിൽ അടക്കുവാനും പദ്ധതി നടപ്പിലാക്കുവാനും സമ്മതമാണെന്നതിനുള്ള പഞ്ചായത്ത് തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് 10.07.2020 ൽ D.1-1682/2020 -ാം നമ്പർ കത്ത് ജലഅതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. 7324 കണക്ഷനുകൾ നൽകുന്നതിന് ലക്ഷ്യമിട്ട് 931 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നത് അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ മറ്റ് തുടർ നടപടി വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് റിക്വിസിഷന് (നം.08/22.09.2025) ലഭ്യമാക്കിയ മറുപടിയിൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നും പദ്ധതിയുടെ ഭാഗമായി വിവിധ വർഷങ്ങളിലായി 4450 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 1-35 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/ FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം .

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | | *₹4,65,834 +Int: ₹5,234 ₹4,71,068* | *₹10,67,000* | *₹4,46,000 +Int: 56,077 ₹5,02,077* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *₹2,77,821 +Int: 3,274 ₹2,81,095* | *₹4,38,000* | *₹6,97,000 +Int: 28,919 ₹7,25,919* |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(Ii) പി.എച്ച്.സി. | - | *₹93,288* | *₹4,40,647* | *₹7,77,429* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | *₹21,300* | *₹1,70,484* | *₹3,77,947* |

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.
(Ii) പി.എച്ച്.സി.

| പ്രോജക്ട് | ചെലവ് | | | |
|---|---|---|---|---|
| | 2021-22 | 2022-23 | 2023-24 | 2024-25 |
| ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | *₹93,288* | *₹4,40,647* | *₹78,032*<br>*₹6,99,397*<br>*₹7,77,429* |

കൺവേർഷൻ ഓഫ് റൂറൽ പി .എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ .

| | | | | |
|---|---|---|---|---|
| ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | - | *₹21,300* | *₹1,70,484* | *₹86080*<br>*₹2,91,867*<br>*₹3,77,947* |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം .

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(Ii) പി.എച്ച്.സി. (320100202) Canara Bank A/C No.110042862802 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100201) Canara Bank A/C No.110042866009 |
|---|---|---|
| മുന്നിരുപ്പ് | ₹10,04,133 | ₹5,27,311 |
| വരവ് (പലിശ ഉൾപ്പെടെ) | ₹5,02,077 | ₹7,25,919 |
| ആകെ | ₹15,06,210 | ₹12,53,230 |
| ചെലവ് | ₹7,77,429 | ₹3,77,947 |
| നീക്കിയിരുപ്പ് | ₹7,28,781 | ₹8,75,283 |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ നഷ്ടം ₹18460/-

27.06.2024 ലെ സ.ഉ.(സാ.ധാ) നം 1149/2024/LSGD ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും തൊഴിൽ നികുതി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പുതുക്കിയ

തൊഴിൽ നികുതി സ്ലാബുകൾ 2024-25 രണ്ടാം അർദ്ധവർഷം മുതൽ പ്രാബല്യം ഉള്ളതാണ്. എന്നാൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് 2024-25 രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം (₹) | അടവാക്കിയ തൊഴിൽ നികുതി(₹) | ഇടാക്കേണ്ട തൊഴിൽ നികുതി (₹) | നഷ്ടം (₹) |
|---|---|---|---|---|---|---|
| 1 | എൻ രംഗറാവു &സൺസ് | ജിനു വിജയൻ വി | 158051 | 1000 | 1250 | 250 |
| 2 | | ദിനേഷ് കുമാർ കെ വി | 154022 | 1000 | 1250 | 250 |
| 3 | | വിജു പി എസ് | 160551 | 1000 | 1250 | 250 |
| 4 | | സമീറ | 145189 | 1000 | 1250 | 250 |
| 5 | | വിജേഷ് വി | 141939 | 1000 | 1250 | 250 |
| 6 | | അനിൽ കുമാർ ആർ | 117788 | 750 | 1000 | 250 |
| 7 | | ധന്യ രാജേഷ് | 124642 | 750 | 1000 | 250 |
| 8 | | നിമ്മി കെ എസ് | 120838 | 750 | 1000 | 250 |
| 9 | | സുശാന്ത് കുമാർ | 134501 | 750 | 1250 | 500 |
| 10 | | നിബിൻ ബേബി | 134526 | 750 | 1250 | 500 |
| 11 | | സദീഷ് കണ്ണൻ | 133840 | 750 | 1250 | 500 |
| 12 | | അഖിൽ രാജു | 127927 | 750 | 1250 | 500 |
| 13 | | ജയേഷ് ജി | 132274 | 750 | 1250 | 500 |
| 14 | | അജീഷ് ആർ | 144156 | 750 | 1250 | 500 |
| 15 | | സച്ചിൻ കെ ബി | 129857 | 1000 | 1250 | 250 |
| 16 | | ഷിജാദ് എൻ | 132968 | 1000 | 1250 | 250 |
| 17 | | മുഹമ്മദ് തസ്ലീം എം എസ് | 135649 | 750 | 1250 | 500 |
| 18 | | രാകേഷ് | 121295 | 750 | 1000 | 250 |
| 19 | | വിഷ്ണു വിജയ് | 131727 | 1000 | 1250 | 250 |
| 20 | | അരുൺ യു ബി | 136589 | 1000 | 1250 | 250 |
| 21 | | രാഹുൽ രജ് ആർ | 130103 | 750 | 1250 | 500 |
| 22 | | ഹരിമോഹൻ എം ആർ | 121494 | 750 | 1000 | 250 |
| 23 | | ബിനു എസ് | 119513 | 750 | 1000 | 250 |
| 24 | | അജേഷ് കുമാർ പി | 107221 | 750 | 1000 | 250 |
| 25 | | അശ്വനികുമാർ എം എസ് | 100398 | 750 | 1000 | 250 |
| 26 | | മുരുഗേശൻ എസ് | 105011 | 750 | 1000 | 250 |
| 27 | | വിനോദ്കുമാർ എം | 127326 | 1000 | 1250 | 250 |
| 28 | | സാജൻ എ | 100839 | 750 | 1000 | 250 |
| 29 | | ബിജു എം | 101500 | 750 | 1000 | 250 |
| 30 | | ടോണി ചാക്കോ | 102953 | 750 | 1000 | 250 |
| 31 | | സീന ശിവദാസൻ | 103983 | 750 | 1000 | 250 |
| 32 | | സകീർ ഹുസൈൻ | 47952 | 450 | 750 | 300 |
| 33 | | ഗൌതം കെ ഉണ്ണികൃഷ്ണൻ | 34415 | 300 | 600 | 300 |
| 34 | | ജിഷ്ണു സി വി | 35559 | 300 | 600 | 300 |
| 35 | | ശ്യാംജിത്ത് ജി | 26786 | 180 | 450 | 270 |
| 36 | | രാജേഷ് കെ | 13064 | 120 | 320 | 200 |
| 37 | ശുബ്കിരൺ ക്യാപ്പിറ്റൽ ലിമിറ്റഡ് | അശ്വതി റ്റി ജി | 162000 | 450 | 1250 | 800 |
| 38 | | സോഫിയ സി ജോമോൻ | 94800 | 320 | 750 | 430 |
| 39 | | ഷിറ്റൺ ജോയ് | 84000 | 320 | 750 | 430 |
| 40 | | ലിന്റു മരിയ ജേക്കബ് | 90000 | 320 | 750 | 430 |

| | | | | | | |
|---|---|---|---|---|---|---|
| 41 | കൊച്ചിൻ ബർത്ത് വില്ലേജ് Pvt Ltd | എലിസബത്ത് ജോസ് | 42000 | 300 | 600 | 300 |
| 42 | | ഗലൂഷ്യ ജോസഫ് | 51000 | 450 | 750 | 300 |
| 43 | | ജെൻസി സാബു | 36000 | 300 | 600 | 300 |
| 44 | | പെക്സി ജോസഫ് | 36000 | 300 | 600 | 300 |
| 45 | | സ്മിത | 33000 | 300 | 600 | 300 |
| 46 | സേഫ്ലാക്ക് ഇൻഡസ്ട്രീസ് | ക്രിസ്റ്റി ജെയിംസ് | 60600 | 600 | 750 | 150 |
| 47 | | അനൂപ് ജി | 65100 | 600 | 750 | 150 |
| 48 | | വിനു വർക്കി | 42738 | 300 | 600 | 300 |
| 49 | | ആസാദ് അബു | 45222 | 450 | 750 | 300 |
| 50 | | അജയ് ശിവൻ | 33068 | 300 | 750 | 450 |
| 51 | | ആൻഡ്രൂസ് | 43910 | 300 | 750 | 450 |
| 52 | സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂൾ, കിഴക്കമ്പലം | സിജി വിൽസൺ | 54000 | 600 | 750 | 150 |
| 53 | | മോളി പീറ്റർ | 71500 | 600 | 750 | 150 |
| 54 | | പോളി ജോയ് | 60000 | 600 | 750 | 150 |
| 55 | | റോസി ഡേവിസ് | 69000 | 600 | 750 | 150 |
| 56 | | റോസി ജോസ് | 54000 | 600 | 750 | 150 |
| 57 | | സിനി ബേബി | 54000 | 600 | 750 | 150 |
| 58 | | ഷീജ രാജു | 54000 | 600 | 750 | 150 |
| 59 | | ഷൈജ സോണി | 64500 | 600 | 750 | 150 |
| 60 | | ത്രേസ്യാമ വർഗ്ഗീസ് | 67500 | 600 | 750 | 150 |
| 61 | | രമ്യ ബെന്നി | 48000 | 600 | 750 | 150 |
| 62 | | വിജി എം കെ | 54000 | 600 | 750 | 150 |
| 63 | | സിന്ധു രാജൻ | 48000 | 600 | 750 | 150 |
| 64 | | ബീന തോമസ് | 54000 | 600 | 750 | 150 |
| ആകെ നഷ്ടം | | | | | | 18460 |

കുറവ് വന്ന തുക ബന്ധപ്പെട്ട ആളുകളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ ).

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 13 | ₹84,000 | ₹66,000 | ₹18,000 | 30.04.2025 ൽ ₹6000 ഒടുക്കിയിട്ടുണ്ട്. ബാക്കി ₹12,000 ഒടുക്കുവാൻ ബാക്കിയുണ്ട്. |

* 12 ജീവനക്കാർ X ₹500 X 4 മാസം = ₹24,000

13 ജീവനക്കാർ X ₹500 X 4മാസം = ₹26,000

11 ജീവനക്കാർ X ₹500 X 3മാസം = ₹ 16,500

10 ജീവനക്കാർ X ₹500 X 1മാസം = ₹5,000

1 ജീവനക്കാരൻX ₹500 X 1മാസം = ₹500

1 ജീവനക്കാരൻ കുടിശ്ശിക = ₹12,000

₹84,000

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ).

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 13.12.2024 | - | ₹1000 | ₹1000 | 13.12.2024 ന് ജോലിയിൽ പ്രവേശിച്ചു. 14.1.2025 ൽ സ്ഥലംമാറ്റം ലഭിച്ച പോയി. |

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2024-2025 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| 2024-25 | ₹1,000.00 | മില്ലറ്റ് ഗ്രാമം (276/25) | ₹1,000.00 | ₹0.00 |
| 2024-25 | ₹6,00,000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (43/25) | ₹6,00,000.00 | ₹0.00 |
| 2024-25 | ₹3,07,693.00 | പാലിന് സബ്സിഡി (80/25) | ₹3,07,693.00 | ₹0.00 |
| ആകെ | ₹9,08,693.00 | | ₹9,08,693.00 | ₹0.00 |
| 2024-25 | ₹4,000.00 | മില്ലറ്റ് ഗ്രാമം (276/25) | ₹4,000.00 | ₹0.00 |
| 2024-25 | ₹12,40,000.00 | ലൈഫ് ഭവനനിർമ്മാണം ജനറൽ. (51/25) | ₹12,40,000.00 | ₹0.00 |
| 2024-25 | ₹2,10,000.00 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (43/25) | ₹2,10,000.00 | ₹0.00 |
| 2024-25 | ₹10,05,000.00 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (76/25) | ₹10,05,000.00 | ₹0.00 |
| ആകെ | ₹24,59,000.00 | | ₹24,59,000.00 | ₹0.00 |

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കൽ (എസ്.124/25) | 22400878/ 27.12.24 | ₹57,382 | 0 | ₹57,382 |
| ആകെ തുക | | ₹57,382 | 0 | ₹57,382 |

വാർഷിക ധനകാര്യ പത്രികയിൽ ഈ നിക്ഷേപത്തുക ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് തുക മുൻകൂർ ശീർഷകത്തിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-6 വായ്പ / വായ്പ തിരിച്ചടവ്

| ഹെഡ് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 330500201 KURDFC | ₹1,34,32,067 | ₹92,13,450 | ₹2,26,45,517 | ₹19,16,212 | - | ₹2,07,29,305 |

*തിരിച്ചടവിന്റെ വിവരം

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 417/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,86,376 |

| | | |
|---|---|---|
| 419/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹8,60,804 |
| 418/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹70,163 |
| 420/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹94,085 |
| 422/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹1,447 |
| 421/25 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ടി.എസ്.പി.) | ₹3,337 |
| ആകെ | | ₹19,16,212 |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | | ₹19,64,70,988 |
| തൻവർഷം നിക്ഷേപിച്ച മുതൽ | | ₹1,23,70,748 |
| തൻവർഷം നിക്ഷേപിച്ച പലിശ | 1,23,70,748 | |
| ആകെ | | ₹20,88,41,736 |
| തന്നാണ്ടിൽ പിൻവലിച്ച തുക | | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | | ₹20,88,41,736 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | ബാങ്കിന്റെ പേര്/ ഫിക്സഡ് ഡെപ്പോസിറ്റ് നം. | കാലയളവ് | മച്യൂരിറ്റി തീയതി | തുക(₹) |
|---|---|---|---|---|
| 1 | എസ്.ബി.ഐ/39767451283/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 2 | എസ്.ബി.ഐ/39767451410/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 3 | എസ്.ബി.ഐ/39767451498/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 4 | എസ്.ബി.ഐ/39767451567/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 5 | എസ്.ബി.ഐ/39767451624/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 6 | എസ്.ബി.ഐ/39767451680/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 7 | എസ്.ബി.ഐ/39767451771/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 8 | എസ്.ബി.ഐ/39767451602/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 9 | എസ്.ബി.ഐ/39767451806/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 10 | എസ്.ബി.ഐ/39767451840/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 11 | എസ്.ബി.ഐ/39767451238/07.11.2024 | 6 മാസം | 07.05.2025 | 1,19,70,908 |
| 12 | എസ്.ബി.ഐ/39767451851/07.11.2024 | 6 മാസം | 07.05.2025 | 54,94,643 |
| 13 | എസ്.ബി.ഐ/39767452378/07.11.2024 | 6 മാസം | 07.05.2025 | 16,75,921 |
| 14 | കേരള ഗ്രാമീൺ ബാങ്ക്/40603142300029/14.11.2024 | 6 മാസം | 16.05.2025 | 77,22,834 |
| 15 | എസ്.ബി.ഐ/33951731648/09.07.2024 | 1 വർഷം | 09.07.2025 | 4,13,861 |
| 16 | എസ്.ബി.ഐ/41308696413/20.11.2024 | 6 മാസം | 21.05.2025 | 2,80,82,263 |
| 17 | എസ്.ബി.ഐ/41719589437/11.03.2025 | 3 മാസം | 12.06.2025 | 55,18,041 |
| 18 | എസ്.ബി.ഐ/42325226144/08.11.2024 | 400 ദിവസം | 13.12.2025 | 2,05,20,167 |
| 19 | എസ്.ബി.ഐ/42325227397/08.11.2024 | 400 ദിവസം | 13.12.2025 | 64,80,053 |
| ആകെ | | | | ₹20,75,87,77 1 |

*കുറിപ്പ്:* ബാലൻസ് ഷീറ്റിലെ B.12 ഷെഡ്യൂൾ (കോഡ് 420800101) പ്രകാരമുള്ള നീക്കിയിരുപ്പ് തുക ₹20,88,41,736/- ആണ്. സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രകാരം ₹20,75,87,771/- മാത്രമാണ് വർഷാവസാനം നീക്കിയിരുപ്പുള്ള സ്ഥിരനിക്ഷേപത്തുക. ₹12,53,965/- ന്റെ വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/22.09.2025) പലിശ കണക്കാക്കിയതിലുള്ള വ്യത്യാസം മൂലമാണ് തെറ്റ് സംഭവിച്ചിട്ടുള്ളത് എന്നും ആയത് 2025-26 വർഷത്തിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-3 | 2007-08 | 3.4.3.1 | ആശാൻപടി-താമരച്ചാൽ റോഡ് പണി-പദ്ധതി ചെലവ് കൺവീനറിൽ നിന്നും തിരിച്ചടവ് പിടിയ്ക്കൽ | റവന്യൂ റിക്കവറി നടപടികൾക്കായി കളക്ടർക്ക് കത്ത് അയച്ചു. |
| 2013-14 | പ്രവർത്തനാവലോകനം | 2015-16 | 5.2.4.2 | വിലങ്ങ് GUPS മേൽക്കൂര മെയിന്റനൻസ് | പ്രവൃത്തി പൂർത്തീകരിച്ചു. നിയമസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| ,, | ,, ,, | ,, | 5.3.6.9 | വനിതാവ്യവസായ കേന്ദ്രം അപകടാവസ്ഥ | അപകടാവസ്ഥ പരിഹരിച്ചു. നിയമസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2014-15 | 2-1 | 2016-17 | പാർട്ട് 2 | വിവിധ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയത് | തുക അടവാക്കിയിട്ടുണ്ട് |
| 2015-16 | 2-3 | 2016-17 | പാർട്ട് 2 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | തുക ഈടാക്കിയിട്ടില്ല |
| 2016-17 | 2-6 | 2017-18 | 2 | കടമുറികളുടെ ലേലം-വാടക ഈടാക്കാത്തത് സംബന്ധിച്ച് | മറുപടി നൽകി |

4-10 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹13,82,20,050.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹10,02,65,685.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹18,460.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹7,37,946.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 1-10 & 2-1 | ₹18,460.00 | - | ശ്രീ.അജി.ടി. സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | ₹4,41,538.00 | ശ്രീ.അജി ടി., സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |
| 1-24 | ₹1,23,750.00 | ശ്രീ.അജി ടി., സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |
| 1-25 | ₹66,819.00 | ഡോ.ബിനിഷ ഇ., മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-26 | ₹57,382.00 | ശ്രീ.അജി ടി., സെക്രട്ടറി ഗ്രാമപഞ്ചായത്ത്. |
| 1-27 | ₹48,457.00 | ഡോ.പ്രീതി ബി., മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| ആകെ | ₹7,37,946.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജി.ടി.<br>സെക്രട്ടറി ഗ്രാമപഞ്ചായത്ത്. | സെക്രട്ടറി,<br>കിഴക്കമ്പലം<br>ഗ്രാമപഞ്ചായത്ത്. | അമൽ നിവാസ്, മാവർത്തലക്കോണം,<br>മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>695001 |
| ഡോ.ബിനിഷ ഇ.<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ജി.എച്ച്.ഡി. കിഴക്കമ്പലം | ശ്രീപാദം, ഹാർവെസ്റ്റ് ഹോം വില്ലാസ്,<br>വള്ളക്കടത്ത് ലെയിൻ, കുമാരപുരം പി.ഒ.<br>എറണാകുളം 683565 |
| ഡോ.പ്രീതി ബി. മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ,<br>എഫ്.എച്ച്.സി.<br>കിഴക്കമ്പലം | നം.22 ഗ്രീൻലാന്റ് ഹിൽടോപ്പ് വില്ലാസ് ,<br>ഓണംകുളം, പെരുമ്പാവൂർ 683556 |

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-ഇ.കെ.എം (പി5) 805 (I)/19, 04.06.19 | 1 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (പി5) 805 (Ii)/19, 04.06.19 | 8 |
| 1999-00 | കെ.എസ്.എ-ഇ.കെ.എം (പി5) 805 (Iii)/19, 04.06.19 | 8 |
| 2000-01(വരവ്) | കെ.എസ്.എ-ഇ.കെ.എം(പി.5) 758/2015 08.04.2016 | 1 |
| 2000-01 (ചെലവ്) | കെ.എസ്.എ-ഇ.കെ.എം (പി5) 805 (Iv)/19, 04.06.19 | 2 |
| 2001-02(പദ്ധതി വിഹിതം ചെലവ് ഒഴികെയുള്ള വരവ്- | കെ.എസ്.എ-ഇ.കെ.എം(പി.5) 758/2015 08.04.2016 | 4 |

| | | |
|---|---|---|
| ചെലവ് ഓഡിറ്റ് റിപ്പോർട്ട്) | | |
| 2001-02 | | |
| 2002-03 വരവ് | ,, ,, | 3 |
| 2002-03 ചെലവ് | ,, ,, | 8 |
| 2003-04 | എൽ.എഫ്.ഇ (പി5)178/11,13.06.11 | 9 |
| 2004-05 | കെ.എസ്.എ-ഇ.കെ.എം (പി5) 805 (Vi)/19, 04.06.19 | 1 |
| 2005-06 | കെ.എസ്.എ-ഇ.കെ.എം (പി5) 805 (Vii)/19, 04.06.19 | 5 |
| 2006-07 | കെ.എസ്.എ-ഇ.കെ.എം (പി5) 805 (Viii)/19, 04.06.19 | 2 |
| 2007-08<br>2008-09<br>2010-11 | കെ.എസ്.എ-ഇ.കെ.എം(പി.5) 805 (Ix)19, 04.06.2019 | 15 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം(പി.5) 1311/2015 23.09.15 | 5 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം(പി.5) 838/2015 16.09.15 | 4 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(പി.5) 913/2015 27.09.15 | 10 |
| 2013-14<br>2014-15 | കെ.എസ്.എ-ഇ.കെ.എം(പി5)85/17, 25.07.18 | 12 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി5)1115/17,17.03.18 | 8 |
| 2016-17 | കെ എസ് എ -ഇ കെ എം (പി5)1957/18 21.12.18 | 16 |
| 2017-18 | കെ എസ് എ -ഇ കെ എം (പി5)2057/18, 02.11.18 | 10 |
| 2018-19 | കെ.എസ്.എ -ഇ.കെ.എം (പി5)1687/19, 13.11.19 | 14 |
| 2019-20 | കെ.എസ്.എ -ഇ.കെ.എം (പി5)726/2021, 30.6.2021 | 13 |
| 2020-21 | കെ.എസ്.എ -ഇ.കെ.എം (പി5)522/2022, 25.07.22 | 16 |
| 2021-22 | കെ.എസ്.എ -ഇ.കെ.എം (പി5)60/23, 10.04.2023 | |
| 2022-23 | കെ.എസ്.എ -ഇ.കെ.എം (പി5)1456/23, 27.05.2024 | 29 |
| 2023-24 | കെ.എസ്.എ -ഇ.കെ.എം (പി5)1330/2024/ 05.10.2024 | 27 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-06-2025 and submitted on 20-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kizhakkambalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kizhakkambalam Grama Panchayat as on 31-03-2025

Date: 14/11/2025

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Kizhakkambalam Grama Panchayat for the Year 2024-2025**

**.**

**1.Major Observations**

NIL

**2.Other Observations**

1.Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Cash Flow statement Net increase - decrease in cash flow do not match with difference between opening balance and closing balance.

3. Expenditure from Maintenance grant Road and Non road accounted as Capital expenditure other than revenue expenditure.

4.Asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5. The source documents for the write off receivable redemption are not furnished.

6. Health Grant towards conversion of PHCs and Subcentres into Health and Wellness Centres are erroneously accounted in the head Grants for Specific Purposes - Health Grant.

7. The Deposit amount in KSEB is adjusted without producing utilisation certificate.

8. The Fixed Deposit balance amount vide balance sheet does not match with total value of Fixed Deposit Certificates.

9. Total amount of expenditure for MGNREGA is not reflected in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്